# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5541 — 02.07.2014 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളുടെ ഗ്രേഡിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>" സി.എഫ്. തോമസ്<br>" മോൻസ് ജോസഫ്<br>" റ്റി.യു. കുരുവിള | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ മേഖലയിലുള്ള പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികൾ ശുചീകരിച്ചും സൗകര്യങ്ങൾ ലഭ്യമാക്കിയും ഗ്രേഡ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; | (എ) സർക്കാർ മേഖലയിലുള്ള പി.എച്ച്.സി മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികൾ ശുചീകരിച്ചും സൗകര്യങ്ങൾ ലഭ്യമാക്കിയും ഗ്രേഡ് നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല.<br>എന്നാൽ കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്. ഇതിന്റെ പ്രധാന ലക്ഷ്യം സാധാരണക്കാരായ രോഗികൾക്ക് ഏറ്റവും മികച്ച നിലവാരത്തിലുള്ള ചികിത്സ നൽകുക എന്നതാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ 14 ആശുപത്രികൾക്ക് ഇതിനോടകം അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല താലൂക്ക് ആശുപത്രി, സി.എച്ച്.സി മണമ്പൂർ, സി.എച്ച്.സി. വെള്ളറട, പി.എച്ച്.സി. ചെമ്മരുതി, പി.എച്ച്.സി. മംഗലപുരം, പി.എച്ച്.സി. വട്ടിയൂർക്കാവ്, പി.എച്ച്.സി. ചെങ്കൽ, പി.എച്ച്.സി. കീഴാറ്റിങ്ങൽ, ഇടുക്കി ജില്ലയിലെ പി.എച്ച്.സി. അറക്കുളം എറണാകുളത്തെ സി.എച്ച്.സി. പണ്ടപ്പള്ളി, കോഴിക്കോട് ജില്ലയിലെ പി.എച്ച്.സി. തിരുവമ്പാടി, കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പി.എച്ച്.സി. കരവാളൂർ, കോട്ടയം ജില്ലയിലെ സി.എച്ച്.സി. ഇടയരിക്കപ്പുഴ എന്നീ ആശുപത്രികൾക്കാണ് ഈ അംഗീകാരം ലഭിച്ചത്. |
| (ബി) പി.എച്ച്.സി.കളിലും സി.എച്ച്.സി കളിലും സൗകര്യങ്ങൾ സ്പോൺസർ ചെയ്യാൻ താത്പര്യമുള്ള വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്നതിനും പാവപ്പെട്ട രോഗികളെ സ്പോൺസർ ചെയ്യുവാൻ വ്യക്തികളെ സഹായിക്കുന്നതിനും പി.എച്ച്.സി/സി.എച്ച്.സി.കളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുമോ ? | (ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ